ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാർഷിക അവലോകന റിപ്പോർട്ട്

18 (6163) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായുള്ള വാർഷിക രഹസ്യ റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തർക്കം നിലവിലുണ്ടോ ; എങ്കിൽ വിശദീകരിക്കുമോ ;

(ബി) സെക്രട്ടറിമാർ മുതലുള്ള മുതിർന്ന ഉദ്യോഗസ്ഥരുടെ എ.സി.ആർ. (വാർഷിക അവലോകന റിപ്പോർട്ട്) തയ്യാറാക്കുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(സി) 1989 ബാച്ചിലുള്ളവർക്ക് പ്രിൻസിപ്പൽ സെക്രട്ടറിമാരായി സ്ഥാനക്കയറ്റം നൽകാത്തതിനെതിരെ ഐ.എ.എസ്. അസ്സോസിയേഷൻ എന്തെങ്കിലും നിവേദനം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ വാർഷിക രഹസ്യ റിപ്പോർട്ട് (വാർഷിക മൂല്യനിർണ്ണയറിപ്പോർട്ട്) തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് പൊതുവായ ഒരു തർക്കവും നിലവിലില്ല. 1988-ലും തുടർന്ന് ഭേദഗതി ചെയ്തും പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ അനുസരിച്ചാണ്. അഖിലേന്ത്യാ സർവ്വീസിലെ ഉദ്യോഗസ്ഥരുടെ വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ടിലെ (Performace Appraisal Report) റിപ്പോർട്ടിംഗ്, റിവ്യൂയിംഗ്, അക്സപ്റ്റിംഗ് അധികാരികളെ നിശ്ചയിക്കുന്നത്.

1991 ബാച്ചിലെ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ. രാജു നാരായണ സ്വാമി തന്റെ 1-4-2012-മുതൽ 11-1-2013 വരെയുള്ള വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ടിൽ റിപ്പോർട്ടിംഗ്, റിവ്യൂയിംഗ്, അധികാരികൾ അദ്ദേഹത്തിനെതിരെ രേഖപ്പെടുത്തിയ പ്രതികൂല അഭിപ്രായങ്ങൾ മാറ്റുന്നതുമായി ബന്ധപ്പെട്ട് സെൻട്രൽ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ നൽകിയ അന്യായത്തിൽ അദ്ദേഹത്തിന്റെ വാർഷിക മൂല്യനിർണ്ണയ റിപ്പോർട്ട് ചീഫ് സെക്രട്ടറി എഴുതുവാൻ പാടില്ലെന്ന് നിർദ്ദേശം നൽകുവാൻ അപേക്ഷിച്ചിരുന്നു. പ്രസ്തുത അന്യായം ഇപ്പോഴും ട്രൈബ്യൂണലിന്റെ പരിഗണനയിലാണ്.

1989 ബാച്ചിലെ ഐ.എ.എസ്. ഉദ്യോഗസ്ഥനായ ശ്രീ. സുരേഷ് കുമാറും സമാനമായ ഒരു അന്യായത്തിൽ സെക്രട്ടറി റാങ്കിലുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ റിപ്പോർട്ടിംഗ് അധികാരി ബന്ധപ്പെട്ട മന്ത്രിയാണ് ആകേണ്ടതെന്ന്

LIBRARY ARCHIVES Kerala Legislative Assembly

വാദിച്ചിരുന്നു. മേൽപ്പറഞ്ഞ അന്യായം ശ്രീ. സുരേഷ് കുമാർ തന്നെ പിന്നീട് പിൻവലിച്ചിട്ടുണ്ട്.

(ബി) റിപ്പോർട്ടിംഗ് അധികാരി - ചീഫ് സെക്രട്ടറി

റിവ്യൂയിംഗ് അധികാരി - ബന്ധപ്പെട്ട വകുപ്പുമന്ത്രി

അക്സപ്റ്റിംഗ് അധികാരി - മുഖ്യമന്ത്രി

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഐ.എ.എസ്. ഉദ്യോഗസ്ഥർക്കിടയിലെ അഭിപ്രായഭിന്നതകൾ

19 (6164) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ ഇടയ്ക്കിടെ ഉണ്ടാകുന്നതായി പറയപ്പെടുന്ന അഭിപ്രായ വ്യത്യാസങ്ങളുടേയും യോജിപ്പില്ലായ്മയുടേയും ശരിയായ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഭരണസംവിധാനത്തിന്റെ ഉന്നതശ്രേണികളിൽ സത്യസന്ധതയും അച്ചടക്കവും പരസ്പര സഹകരണവും പ്രതിബദ്ധതയും ഉണ്ടാക്കിയെടുക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഉന്നത ഉദ്യോഗസ്ഥന്മാർ അഭിമുഖീകരിക്കുന്ന പ്രയാസങ്ങളും വിഷമങ്ങളും ലഘൂകരിക്കുന്നതിനും അവരുടെ കഴിവും പ്രാപ്തിയും ജനോപകാരപ്രദമായി ഉപയോഗപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ - സി) കേരളത്തിലെ ഐ.എ.എസ്. ഓഫീസർമാർക്കിടയിൽ യോജിപ്പില്ലായ്മയും അഭിപ്രായവ്യത്യാസവും ഉണ്ടെന്നു പറയപ്പെടുന്നതിന്റെ നിജസ്ഥിതിപരിശോധിക്കാൻ ആസൂത്രണ ബോർഡ് ഉപാധ്യക്ഷനും മുൻ കാബിനറ്റ് സെക്രട്ടറിയുമായ ശ്രീ. കെ. എം. ചന്ദ്രശേഖറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

20 (6165) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ സിവിൽ സർവ്വീസ് മാതൃകയിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ കൊണ്ടുവരുമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത സർവ്വീസിലേക്ക് ജനറൽ കാറ്റഗറിയിലുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി എത്രയായി നിജപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly